(ഇ) കേസുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്നവരിൽ ആരുടെയൊക്കെ പേരിൽ ഇനിയും കുറ്റപത്രം സമർപ്പിക്കാത്തതായോ, പ്രതികളാക്കപ്പെടാത്തവരായോ ഉണ്ട്;

(എഫ്) ഇവർ ജാമ്യം ലഭിക്കുന്നതിന് കോടതിയെ സമീപിക്കുകയുണ്ടായോ; എങ്കിൽ ഇവരുടെ ജാമ്യക്കാര്യത്തിൽ സർക്കാർ നിലപാട് എന്തായിരുന്നു?

ഉത്തരം

(എ) മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ക്രൈം നമ്പർ 116/സി.ആർ./2003—147 പ്രതികൾ (5 കുട്ടികൾ അടക്കം).
2. ക്രൈം നമ്പർ 117/സി.ആർ./2003—27 പ്രതികളും തിരിച്ചറിയാനുള്ള 273 പേരും.
3. ക്രൈം നമ്പർ 185/സി.ആർ./2003—26 പ്രതികളും തിരിച്ചറിയാനുള്ള 80 പേരും.

(ബി) ഉണ്ട്. നാല് പ്രതികൾ.

(സി) 35 പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ഡി) Crime 116/CR/2003-u/s. 143, 147,148, 153(A), 449, 324, 307, 302 r/w 149 IPC Sec. 5 r/w 270 Arms Act and Sec. 3 of Explosive Substance Act 3, 4, 9 Prosecution of Worship Act, 1989. Crime 117/CR/2003—u/s. 143, 147, 148, 332 r/w 149 IPC and Sec. 5 r/w 270 Arms Act and 3(1) of PDPP Act.

Crime 185/Cr/2003—u/s. 143, 147, 148, 332, 352 r/w 149 IPC and Sec. 3 and 5 r/w 27 of Arms Act and Sec. 3(1) of PDPP Act.

(ഇ) വിശദവിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.‡

(എഫ്) ജാമ്യം ലഭിക്കുന്നതിന് കോടതിയെ സമീപിച്ചെങ്കിലും ജാമ്യം ലഭിച്ചിട്ടില്ല. ജാമ്യം നൽകുന്നതിനോട് സർക്കാർ യോജിച്ചിരുന്നില്ല.

മാധ്യമ പ്രവർത്തകർക്കുനേരെ നടന്ന അക്രമം

61 [66] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 നവംബർ 1-ാം തീയതി കരിപ്പൂർ വിമാനത്താവളത്തിൽ ഏതെല്ലാം മാധ്യമപ്രവർത്തകർക്കുനേരെയാണ് അക്രമം ഉണ്ടായത്;

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്രമം നടക്കുമ്പോൾ എത്ര ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻന്മാർ സ്ഥലത്തുണ്ടായിരുന്നു; ഇവർ ആരെല്ലാമാണ്; എത്ര പോലീസ് സേനയെ വിന്യസിപ്പിച്ചിരുന്നു;

(സി) മാധ്യമപ്രവർത്തകർക്കുനേരെയുള്ള അക്രമം പോലീസ് തടയാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(ഡി) വിമാനത്താവളത്തിന്റെ നിരോധിത മേഖലയിൽ സ്റ്റേജ് കെട്ടുവാനും, മൈക്ക് ഉപയോഗിക്കുവാനും അനുവാദം നൽകിയത് ആരാണ്;

(ഇ) അനുവാദം നൽകിയിരുന്നില്ലെങ്കിൽ നിയമവിരുദ്ധമായി സ്റ്റേജ് കെട്ടുകയും, മൈക്ക് ഉപയോഗിക്കുകയും ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) വിമാനത്താവളത്തിന്റെ ടെർമിനലിൽ ദേശീയപതാക കെട്ടേണ്ട സ്ഥലത്ത് ലീഗ് പതാക സ്ഥാപിച്ചത് ആരൊക്കെയാണ്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ജി) ഈ സംഭവവുമായി ബന്ധപ്പെട്ട് ഏത് രീതിയിലുള്ള അന്വേഷണമാണ് സർക്കാർ നടത്തുന്നത്;

(എച്ച്) 2001 മേയ് 16-ന് ശേഷം മാധ്യമപ്രവർത്തകർക്കുനേരെ എത്ര അക്രമ സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഷ്യാനെറ്റ് ക്യാമറാമാൻ കെ. പി. രമേഷ്, ഏഷ്യാനെറ്റ് റിപ്പോർട്ടർ ദീപ, ജന്മഭൂമി ഡെയ്‌ലി ബ്യൂറോ ചീഫ് ദീപക് ധർമ്മടം, എൻ. ടി. വി. റിപ്പോർട്ടർ സജീവ് സി. വാര്യർ, എൻ.ടി.വി. ക്യാമറാമാൻ എം. സജീവ്, കൈരളി ടി. വി. ക്യാമറാമാൻ കെ. ഷൈലേഷ്, കേരളശബ്ദം റിപ്പോർട്ടർ പ്രദീപ്, ഇൻഡ്യാവിഷൻ റിപ്പോർട്ടർ ചെന്നാമ്പള്ളി ഉണ്ണികൃഷ്ണൻ, ഇൻഡ്യാവിഷൻ ക്യാമറാമാൻ ബിജു മുരളീധരൻ, ഇൻഡ്യൻ എക്സ്പ്രസ് ഫോട്ടോഗ്രാഫർ എൻ.പി. ജയൻ, ജീവൻ ടി.വി. ഫോട്ടോഗ്രാഫർ കർത്തറ്റൽ സുരേഷ് എന്നീ മാധ്യമ പ്രവർത്തകർക്ക് നേരെയാണ് അക്രമം ഉണ്ടായത്.

(ബി) മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട്, ഡി.വൈ.എസ്.പി. (നാർക്കോട്ടിക് സെൽ), എന്നിവരും എയർപോർട്ടിൽ വച്ച് നടന്ന വിജിലൻസ് അവയെർനെസ് വീക്കിന്റെ ഉദ്ഘാടനത്തിനായി എത്തിച്ചേർന്ന തൃശൂർ റേഞ്ച് ഡിഐ.ജി.-യുമുണ്ടായിരുന്നു. ഡ്യൂട്ടിയ്ക്കായി പോലീസ് സൂപ്രണ്ട്-1, ഡിവൈഎസ്പി.-4 സി.ഐ.-8, എസ്.ഐ.-12, പ്രൊബേഷൻ എസ്.ഐ.-4 വനിതാ എസ്.ഐ.-3, എ.എസ്.ഐ.-6, 21 വനിതാ പി.സി. അടക്കം 208 പോലീസുകാരെയും നിയോഗിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻ വ്യവസായ വകുപ്പുമന്ത്രിയെ സ്വീകരിക്കുന്നതിനായി കരിപ്പൂർ വിമാനത്താവളത്തിൽ എത്തിയതായ ജില്ലയിലെ എല്ലാ മാധ്യമപ്രവർത്തകരെയും സുരക്ഷിതമായി എയർപോർട്ട് ടെർമിനൽ അകത്തേയ്ക്ക് പോലീസ് സംരക്ഷണത്തോടെ എത്തിച്ചിരുന്നതാണ്. എന്നാൽ കോഴിക്കോട് നിന്നും മാധ്യമ പ്രവർത്തകർ വരുന്നതിനെ സംബന്ധിച്ച് യാതൊരു മുൻവിവരവും ലഭിച്ചിട്ടില്ലായിരുന്നു. കോഴിക്കോട് നിന്നും കരിപ്പൂർ എയർപോർട്ടിൽ വൈകി എത്തിയ മാധ്യമപ്രവർത്തകരാണ് ആക്രമിക്കപ്പെട്ടത്. അവർ മലപ്പുറം പോലീസിനേയോ മലപ്പുറം മാധ്യമപ്രവർത്തകരെയോ മുൻകൂട്ടി വിവരം അറിയിക്കാതെ സംഭവസ്ഥലത്ത് വരാൻ ഇടയായിട്ടുള്ളതാണ്. ആക്രമണത്തെ സംബന്ധിച്ച് വിവരം ലഭിച്ച ഉടൻതന്നെ പോലീസ് ഇടപെട്ട് മാധ്യമപ്രവർത്തകരെ രക്ഷിച്ച് സുരക്ഷിത സ്ഥാനത്തേയ്ക്ക് എത്തിച്ചിരുന്നതുമാണ്.

(ഡി ആന്റ് ഇ) വിമാനത്താവളത്തിന്റെ നിരോധിത മേഖലയിൽ സ്റ്റേജ് കെട്ടുകയോ മൈക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. നിരോധിത മേഖലയ്ക്ക് പുറത്ത് മീറ്റിംഗ് നടത്തുവാൻ സ്വീകരണ സമിതി കൺവീനർ വി. അൻവർ സാദിക് എന്നയാളുടെ അപേക്ഷയിൻപ്രകാരം മൈക്ക് ഉപയോഗത്തിന് അനുവാദം കൊടുത്തിരുന്നു.

(എഫ്) വിമാനത്താവളത്തിന്റെ ഡൊമസ്റ്റിക് ടെർമിനൽ ബിൽഡിംഗിനു മുകളിൽ കമ്മ്യൂണിക്കേഷൻ ആന്റിനയിൽ ആണ് ഐ.യു.എം.എൽ. പ്രവർത്തകർ കൊടി കെട്ടിയത്. ഈ കാര്യത്തിന് കൊണ്ടോട്ടി പി.എസ്. ക്രൈം 665/04 യു./എസ്. 143, 147, 448 ആർ./ഡബ്ല്യു. 149 ഐ.പി.സി. ആയും എയർക്രാഫ്റ്റ് റൂൾ 78(എ) ആർ./ഡബ്ല്യു. എസ്സി. 5 ആന്റ് 10 ഓഫ് എയർക്രാഫ്റ്റ് ആക്ട് 1934 പ്രകാരം കരിപ്പൂർ എയർപോർട്ട് ഡൊമസ്റ്റിക് ടെർമിനലിനുമുമ്പിൽ തടിച്ചു കൂടിയ ഐ.യു.എം.എൽ. പ്രവർത്തകരിൽ ചിലർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിൽ നാലു പ്രതികളെ അറസ്റ്റു ചെയ്തിട്ടുള്ളതുമാണ്.

(ജി) മാധ്യമ പ്രവർത്തകർക്കുനേരെ ഉണ്ടായ അക്രമം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(എച്ച്) 45 അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

കരിപ്പൂർ വിമാനത്താവളത്തിലെ അക്രമം സംബന്ധിച്ച കേസ്

62 [67] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ അന്നത്തെ വ്യവസായ മന്ത്രിയെ സ്വീകരിക്കാൻ എത്തിയ മുസ്ലീം ലീഗ് പ്രവർത്തകർ കരിപ്പൂർ വിമാനത്താവളത്തിൽ അതിക്രമിച്ചു കടന്നത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly